**കേരള സർക്കാർ**

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്**

നം. റൂൾസ്-2/90/2019/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി: 17/08/2019.

## പരിപത്രം

വിഷയം:- ഉ.ഭ.പ.വ. - സർക്കാർ ഓഫീസുകളിലെ സമയക്രമം - വ്യക്തത വരുത്തി നിർദ്ദേശം പുറപ്പടുവിക്കുന്നു

സൂചന:- 1) സ.ഉ. (എം.എസ്.) നം. 199/66/പി.ഡി., തീയതി: 18/5/1966.

2) സ.ഉ. (എം.എസ്.) നം. 112/76/പി.ഡി., തീയതി: 6/4/1976.

3) സർക്കുലർ നം. 20909/എആർ 13(2)/11/ഉ.ഭ.പ.വ., തീയതി: 20/2/2012.

4) ശ്രീ. പോൾ തോമസ്. സി.-യുടെ 15/2/2019-ലെ നിവേദനം.

ഓഫീസ് നടപടി ഗ്രന്ഥം ഖണ്ഡിക 157 പ്രകാരം സർക്കാർ ആഫീസുകളിലെ പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകുന്നേരം 5 വരെയാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സൂചന (1) ഉത്തരവ് പ്രകാരം തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ നഗര പരിധിയിലെ സർക്കാർ ആഫീസുകൾക്ക് രാവിലെ 10.15 മുതൽ 5.15 വരെയും മറ്റിടങ്ങളിൽ രാവിലെ 10 മുതൽ 5 വരെയും സമയക്രമം നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന (3) പ്രകാരം ഓഫീസ് സമയക്രമം ആഫീസുകളിൽ പ്രദർശിപ്പിക്കുന്നതിന് നിഷ്കർഷിച്ച് പുറപ്പെടുവിച്ച സർക്കുലറിൽ സെക്രട്ടേറിയറ്റ് ഒഴികെയുള്ള ആഫീസുകളിൽ 10 മുതൽ 5 വരെയും സെക്രട്ടേറിയറ്റിൽ 10.15 മുതൽ 5.15 വരെയുമാണെന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഇത്തരത്തിൽ വ്യത്യസ്തമായ നിർദ്ദേശങ്ങൾ നിലനിൽക്കുന്നത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് പരാതികളും നിവേദനങ്ങളും സർക്കാരിൽ ലഭിക്കുകയുണ്ടായി.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ വിവിധ സർക്കാർ ആഫീസുകളിൽ Manual of Office Procedure പ്രകാരമുള്ള സമയക്രമവും, സെക്രട്ടേറിയറ്റിൽ The Kerala Secretariat Office Manual പ്രകാരമുള്ള സമയക്രമവുമാണ് പാലിച്ചുപോരുന്നത്. എന്നാൽ, സൂചന (1)-ലെ ഉത്തരവ് പ്രകാരം ചില ജില്ലകളിലെ നഗരപ്രദേശങ്ങളിലെ ആഫീസ് സമയക്രമത്തിൽ ടി പ്രദേശങ്ങളുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് അനുവദിച്ചിട്ടുള്ള ഇളവ് അപ്രകാരം തുടരേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

3. മേൽ വിവരിച്ച സാഹചര്യത്തിൽ സംസ്ഥാനത്തെ വിവിധ സർക്കാർ ആഫീസുകളിലെ പ്രവർത്തന സമയം സംബന്ധിച്ച് ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(i) സംസ്ഥാനത്തെ വിവിധ സർക്കാർ ആഫീസുകളിലെ പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെയായിരിക്കുന്നതാണ്.

(ii) ഗവൺമെന്റ് സെക്രട്ടേറിയറ്റിലും തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലെ നഗരപരിധിയിലുള്ള സർക്കാർ ആഫീസുകളിലും പ്രവൃത്തി സമയം രാവിലെ 10.15 മുതൽ വൈകുന്നേരം 5.15 വരെയായിരിക്കുന്നതാണ്.

(iii) എല്ലാ സർക്കാർ ആഫീസുകളിലും ഉച്ചഭക്ഷണത്തിനായുള്ള ഇടവേള 1.15 മുതൽ 2 വരെയായിരിക്കും.

4. ചില പ്രത്യേക തസ്തികകളിലെ ആഫീസ് പ്രവൃത്തി സമയം സംബന്ധിച്ച് M.O.P.-യിലും S.O.M.-ലും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ അതേപടി നിലനില്ക്കുന്നതാണ്.

കെ. ഗോപാലകൃഷ്ണ ഭട്ട്,
സെക്രട്ടറി.

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-എ, ബി, സി) വകുപ്പുകൾ.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

REDMI NOTE 6 PRO
MI DUAL CAMERA